ചിലവു് വ ൪ ക. യും കൂടി ആകെ ര ,൭ ൪ ക.
(സംസ്കൃത കോളേജിലെ ചിലവു് ഉൾപ്പെടുത്തീട്ടില്ല).

(എഫ്) പദ്ധതി നടപ്പിൽ വരുത്തിയാൽ ഉടൻ വരുന്ന കൂടുതൽ ചിലവു് ക ,വ ന വ ക. പദ്ധതി പൂർത്തിയായി നടപ്പിൽ വരുമ്പോൾ വരുന്ന കൂടുതൽ ചിലവു് ഫ ര ,൭ ര ക.

(ജി) താല്ക്കാലിക സ്ഥിതിക്കു സാദ്ധ്യമല്ല.

SANSKRIT SCHOOLS—COURSES FOR VIDWAN, SIROMANI, ETC.—OPENING OF

492. മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) സംസ്കൃത വിദ്യാലയങ്ങളിൽ യൂനിവേർസിറ്റി പരീക്ഷകളായ വിദ്വാൻ, ശിരോമണി മുതലായ പരീക്ഷകൾ ഏർപ്പെടുത്തുവാൻ വല്ല ആലോചനയും ഗവൺമെണ്ടിൽ നിന്നും ഉണ്ടായോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ തീരുമാനമെന്തു്?

മിസ്റ്റർ പി. ജെ. ജോജ്ജു്:

(എ) ഉവ്വു്.

(ബി) അതു തല്ക്കാലം വേണ്ടെന്നു വെച്ചു.

SANSKRIT COLLEGE, TRIPPUNITTURA—PARTICULARS REGARDING SUBJECTS TAUGHT, ETC.

493. മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) തൃപ്പൂണിത്തുറയിൽ എല്ലാ ജാതിക്കാർക്കും പ്രവേശനമുള്ള സംസ്കൃത കോളേജിൽ (ഗവൺമെണ്ടു് സെക്ഷൻ) ഏതെല്ലാം ശാസ്ത്രങ്ങളാണു് പഠിപ്പിച്ചുവരുന്നതു്;

(ബി) ഓരോരോ വിഭാഗത്തിൽ പഠിച്ചുവരുന്ന കുട്ടികൾ എത്ര;

(സി) അതിനുള്ള അദ്ധ്യാപകന്മാർ എത്ര പേരാണു്;

(ഡി) അവർക്കു നല്കിവരുന്ന ശമ്പളമെന്തു്?

മിസ്റ്റർ പി. ജെ. ജോജ്ജു്:

(എ) ആയുർവ്വേദം.
ജ്യോതിഷം.
ന്യായം.

(ബി) ആയുർവ്വേദം—൯, ജ്യോതിഷം—൫, ന്യായം—ഫ ഫ.

(സി) അഞ്ചുപേർ.

(ഡി) മൂന്നു പേർക്കു ക ൫—ക ൻ—൫ ൦.
ഒരാൾക്കു ക ൦—ഫ —൩ ൦.
മറ്റൊരാൾക്കു ൩൫.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. R. Viswambharan *(Ezhuvas-Talappalli)*: All these questions may be answered together.

Mr. President: Yes.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: സംസ്കൃത വിദ്യാലയങ്ങളുടെ പരിഷ്കരണത്തിനായി എന്തെങ്കിലും ഒരു പദ്ധതി ഇപ്പോൾ ഗവൺമെണ്ടിന്റെ ആലോചനയിലിരിക്കുന്നുണ്ടോ?

മിസ്റ്റർ പി. ജെ. ജോജ്ജ്: അതൊക്കെ ഇതിൽ പറഞ്ഞിട്ടുണ്ട്, പണമില്ല, പണമുണ്ടാകുമ്പോൾ നടപ്പാക്കുമെന്നു പറഞ്ഞിട്ടുണ്ട്.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: ഇപ്പോൾ ഗ്രാന്റില്ലാത്ത എത്ര സംസ്കൃത വിദ്യാലയങ്ങളുണ്ടെന്നുള്ളതിനെക്കുറിച്ചു ബഹുമാനപ്പെട്ട ഗവൺമെണ്ടിന്നു വല്ല വിവരവുമുണ്ടോ?

മിസ്റ്റർ പി. ജെ. ജോജ്ജ്: എത്രയുണ്ടെന്നു പറയുവാൻ സാധിക്കുകയില്ല.

മിസ്റ്റർ വി. എൻ. ദാമോദരൻ നമ്പ്യാർ: ഇപ്പോൾ എല്ലാ സംസ്കൃത സ്കൂളുകളിലും ഉള്ള ഒരേ ക്ലാസ്സുകളിൽ ഒരേതരത്തിലുള്ള വിദ്യാഭ്യാസമാണോ കൊടുക്കുന്നതു്? രണ്ടു് സംസ്കൃത സ്കൂളുകളുണ്ടെങ്കിൽ അതിൽ രണ്ടിലുമുള്ള ഒന്നാംക്ലാസ്സിൽ ഒരേതരത്തിലുള്ള പഠിപ്പാണോ നല്കുന്നതു്? രണ്ടു് ക്ലാസ്സുവരെയുള്ള ഒരു സംസ്കൃത സ്കൂളിൽനിന്നും ഒരു കുട്ടി പാസ്സായാൽ നാലു ക്ലാസ്സുവരെയുള്ള മറ്റൊരു സംസ്കൃത സ്കൂളിൽ ആ കുട്ടിയെ മൂന്നാംക്ലാസ്സിൽ ചേക്കുമോ?

Mr. P. J. George *(Joint Secretary to Government)*: I want notice.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇപ്പോൾ ഗ്രാന്റു് കൊടുക്കാതെയുള്ള സംസ്കൃത സ്കൂളുകൾക്കു് recognition കൊടുക്കുമോ?

മിസ്റ്റർ പി. ജെ. ജോജ്ജ്: കൊടുക്കാവുന്നതിനൊക്കെ കൊടുത്തുവരുന്നുണ്ടു്.

മിസ്റ്റർ സി. വി. ഇയ്യു: മദ്രാസു് സർവ്വകലാശാലയുമായി സംസ്കൃത വിദ്യാഭ്യാസ സംബന്ധമായ ചില പ്രധാന പരീക്ഷകൾക്കു് affiliate ചെയ്യുവാൻ ഉണ്ടായിരുന്ന ഗവൺമെണ്ടിന്റെ ആലോചന തല്ക്കാലം വേണ്ടെന്നു് വെച്ചു എന്നു പറഞ്ഞിട്ടുണ്ടു്. ആ വിധത്തിൽ സംസ്കൃത വിദ്യാഭ്യാസത്തിന്നു് കൂടുതൽ പ്രോത്സാഹനം ലഭിക്കത്തക്കവണ്ണം ആ ആലോചന പുനരാവർത്തിക്കുന്നതിന്നു് ഗവൺമെണ്ടു് തയ്യാറുണ്ടോ?

മിസ്റ്റർ പി. ജെ. ജോജ്ജ്: പണത്തിന്റെ ബുദ്ധിമുട്ടുകൊണ്ടാണു് വേണ്ടെന്നുവെച്ചതു്.

മിസ്റ്റർ സി. വി. ഇയ്യു: യൂനിവേഴ്സിറ്റി പരീക്ഷക്കു് compete ചെയ്യുന്നതിന്നു് ഉദ്ദേശം എത്ര പണം വേണമെന്നു് ഗവൺമെണ്ടു് അന്വേഷിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ജെ. ജോജ്ജ്: അതു അന്വേഷിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly